# പദശുദ്ധിയുടെ പ്രയോഗപാഠങ്ങൾ

**ഡോ. ഡേവിസ് സേവ്യർ**

ഭാഷയിലെ ശരിതെറ്റുകളെക്കുറിച്ചുള്ള പഠനം പലപ്പോഴും ആപേക്ഷികമാണ്. ഒരുകാലത്ത് തെറ്റെന്നു ഗണിക്കപ്പെടുന്നവ പ്രയോഗപ്രാചുര്യംകൊണ്ട് ശരിയാകാം. പ്രയോഗസാധുത്വത്തിന്റെ പിൻബലത്തിലാണവ ന്യായീകരിക്കപ്പെടുന്നത്. എങ്കിലും വ്യാകരണവിരുദ്ധ പ്രയോഗങ്ങളെ മാനകഭാഷ അംഗീകരിക്കുന്നില്ല. വ്യാകരണനിയമങ്ങളുടെ യുക്തിക്കനുസരിച്ച് ഏതാനും പദങ്ങളെ ഇവിടെ പരിചയപ്പെടുത്തുന്നു. പ്രയോഗവ്യവസ്ഥയാണ് ഏതൊരു ഭാഷയുടെയും അടിസ്ഥാനം. വ്യവസ്ഥയില്ലായ്മ ആർക്കും ഭൂഷണമല്ലല്ലോ. ഓരോ കുറിപ്പും പണ്ഡിതമതങ്ങൾ ചേർത്ത് ആധികാരികമാക്കിയിട്ടുണ്ട്.

**കൂട്ടാളി**

ഭാഷ വളരുംതോറും പുതിയ പദങ്ങൾ നിർമിക്കേണ്ടതായി വരും. മലയാളത്തിൽ അതിന് പല മാർഗങ്ങളുണ്ട്. ആ ശേഷി ശരിയാംവണ്ണം വിനിയോഗിക്കണമെന്നേയുള്ളൂ. നാമശബ്ദങ്ങളോട് 'ആളി' എന്ന പ്രത്യയം ചേർത്ത് നൂതനപദങ്ങൾ ഉണ്ടാക്കാം. മലയാളത്തിലെ ഒരു തദ്ധിതപ്രത്യയമാണ് 'ആളി' എന്നത്. ആളുക എന്ന ക്രിയയിൽനിന്നു ജനിച്ച കൃദ്രൂപം എന്നും പറയാം. അതുള്ളത് എന്ന അർഥം കിട്ടാൻ നാമത്തോട് ആളി ചേർക്കാം. മുൽ ഉള്ള ആൾ മുതലാളിയും തൊഴിൽ ഉള്ള (ചെയ്യുന്ന) ആൾ തൊഴിലാളിയും കൊല ചെയ്യുന്ന ആൾ കൊലയാളിയും ആകുന്നു. രൂപത്തിൽ ഇവ സമാസമാണെങ്കിലും അർഥംകൊണ്ട് തദ്ധിതമാണ്. സൂക്ഷ്മമായി പറഞ്ഞാൽ തദ്വത്തദ്ധിതം (തദ്+വത്+തദ്ധിതം). ഇവയെല്ലാം പുല്ലിംഗ-സ്ത്രീലിംഗവിവക്ഷയില്ലാതെ പ്രയോഗിക്കാം.

കൂട്ട് എന്ന നാമത്തോട് ആളി എന്ന പ്രത്യയം ചേർത്തു സൃഷ്ടിച്ച ശബ്ദമാണ് കൂട്ടാളി. കൂട്ട് + ആളി = കൂട്ടാളി. കൂട്ടിനുള്ള ആളാണ് കൂട്ടാൾ അഥവാ കൂട്ടാളി. അത് ഭാര്യയോ ർത്താവോ സ്നേഹിതനോ പങ്കുകാരനോ കൂട്ടത്തിൽപെട്ടവരോ ഒക്കെ ആകാം. പങ്കാളി ഏറെ പരിചിതമാണല്ലോ. കൂട്ടാളർ എന്നായാൽ കൂട്ടാളിയുടെ ബഹുവചനമായി. കൂട്ടുകാർ, പങ്കുകാർ, സ്നേഹിതർ എന്നെല്ലാം ർഥം. കൂട്ടാളി എന്ന വിവക്ഷയിൽ കൂട്ടാളൻ വ്യാകരണദൃഷ്ട്യാ ശരിയാണെങ്കിലും അധികം പ്രയോഗിച്ചു കണ്ടിട്ടില്ല.

ഒപ്പം എന്ന നാമത്തോട് ആളി ചേർത്തു നിർമ്മിക്കുന്ന ഒപ്പാളി വ്യാകരണദൃഷ്ട്യാ ശുദ്ധപദമാണ്. ഒപ്പമുള്ള ആൾ എന്നോ ഒപ്പം നിൽക്കുന്ന ആൾ എന്നോ അർഥം പറയാം. അദ്ധ്യാപികയും നിരൂപകയുമായ ഡോ. എം. ലീലാവതി ഒപ്പാളി എന്നു പ്രയോഗിച്ചിട്ടുണ്ട്. ഭാഷാപോഷിണി മാസിക പ്രസിദ്ധീകരിച്ച ഒരു അഭിമുഖത്തിലാണ് ഒപ്പാളി എന്ന വാക്ക് റ്റീച്ചർ ഉപയോഗിച്ചത്. "ചോദ്യം: റ്റീച്ചറുടെ രാഷ്ട്രീയം എന്താണ്? ഇടതുപക്ഷത്തോടു വിരോധമുണ്ടോ? ഉത്തരം:

രാഷ്ട്രീയം ഇല്ലാത്ത മനുഷ്യരുണ്ടോ? മനുഷ്യരെന്നാൽ മനനശീലർ. ചിന്തിക്കാൻ താത്പര്യമുള്ളവരെല്ലാം രാഷ്ട്രീയമായ ചില നിലപാടുകൾ ഉള്ളവരാകാതെ തരമില്ല. കക്ഷിരാഷ്ട്രീയം എന്ന അർഥത്തിലാണെങ്കിൽ അതിൽ ഞാനില്ല. ഒരു രാഷ്ട്രീയകക്ഷിയിലും അംഗത്വമെടുക്കാത്തത് അതുകൊണ്ടാണ്. കക്ഷികളുടെ അന്നന്നത്തെ നയങ്ങൾക്കൊക്കെ ഒപ്പംനിന്ന് ഒരു '**ഒപ്പാളി**യാകാൻ താത്പര്യമില്ല. അതിനാലാണ് ഒരു കക്ഷിയുടെ തികച്ചും മഹാനായ നേതാവ് തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിത്വം വച്ചുനീട്ടിയപ്പോൾ സ്വീകരിക്കുവാൻ ധൈര്യമില്ലാതെ പിന്മാറിയത്." (1)

**ജില്ലാപഞ്ചായത്ത്**

മഹാവൈയാകരണനായ ഏ.ആർ. രാജരാജവർമ അന്ന് നിലവിലിരുന്ന ഭാഷയ്ക്കാണ് പ്രയോഗവ്യവസ്ഥ ഏർപ്പെടുത്തിയത്. കേരളപാണിനീയം പ്രസിദ്ധീകൃതമായിട്ട് ഒന്നേകാൽ നൂറ്റാണ്ടോളമായി. ഭാഷയിലും വ്യാകരണചിട്ടവട്ടങ്ങളിലും നിരന്തരം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് പലതും ഉൾക്കൊള്ളാൻ കേരളപാണിനീയവിധികൾക്കാവുന്നില്ല. പുതുപദയോഗങ്ങളെ വ്യവസ്ഥപ്പെടുത്താൻ നവീനവ്യാകരണനിയമങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ദ്വിത്വസന്ധിയിലാകട്ടെ വ്യവസ്ഥ ചെയ്യാൻ പറ്റാത്തത്ര ശിഥിലതകളാണ് ഉള്ളത്. തമ്മിൽ ചേരുന്ന വർണങ്ങളിൽ ഒന്നാമത്തേതോ രണ്ടാമത്തേതോ; അവയിൽ ഒന്ന് ഇരട്ടിക്കും. പരമായി വരുന്നത് സ്വരമാണെങ്കിൽ പൂർവപദാന്തവർണത്തിനും (സ്വർണ + കമ്മൽ = സ്വർണക്കമ്മൽ) ദ്വിത്വം സംഭവിക്കും.

സമാസിക്കുമ്പോൾ പൂർവപദാന്തവർണത്തിനോ ഉത്തരപദാദിവ്യഞ്ജനത്തിനോ പ്രാധാന്യംവരാം. പരാമൃഷ്ടവർണങ്ങൾക്ക് ഊന്നൽ കൊടുത്താണ് പ്രാധാന്യം കൈവരുത്തുന്നത്. ഉച്ചാരണത്തിൽ നൽകുന്ന ഊന്നൽ ദ്വിത്വത്തിന് കാരണമാകുന്നു. ഈ പ്രവണതയ്ക്ക് ബലാഘാതം എന്ന പരികല്പന ചെയ്യാം. "സന്ധി ചേരുന്നിടത്ത് ബലത്തിനുവേണ്ടി ഒരു വർണം ഉറപ്പിച്ച് ഉച്ചരിക്കുന്നതാണ് ബലാഘാതം."(2) എല്ലാത്തരം ദ്വിത്വസന്ധിയ്ക്കും അടിസ്ഥാനം ബലാഘാതമെന്നത്രേ നവീന വ്യാകരണമതം.

അറബിഭാഷയിൽനിന്നു സ്വീകരിക്കപ്പെട്ട ഒരു തത്സമമാണ് ജില്ലാ എന്ന പദം. (മലയാളത്തിൽ ജില്ല എന്നു മതി). അതിനോട് ഉറുദു (ഹിന്ദി) വാക്കായ പഞ്ചായത്ത് ചേരുമ്പോൾ, പൂർവപദാന്തദീർഘം നഷ്ടപ്പെടാതെതന്നെ ബലാഘാതംമൂലം 'പ'കാരത്തിന് ദ്വിത്വം വരും. അങ്ങനെ ജില്ലാ+പഞ്ചായത്ത്, ജില്ലാപ്പഞ്ചായത്ത് എന്നാകുന്നു. ജില്ലാ+കോടതി=ജില്ലാക്കോടതി; ജില്ലാ+കോർട്ട്=ജില്ലാക്കോർട്ട് എന്നിങ്ങനെ സമാനസമസ്തപദങ്ങൾ ഭാഷയിലുണ്ട്. പരീക്ഷാപ്പേപ്പർ, ഉണ്ടാപ്പിരിവ് മുതലായവയിലും ഇതേ നയമാണ് പ്രവർത്തിക്കുന്നത്.

ബ്ലോക്കുപഞ്ചായത്തിൽ പ'കാരം ഇരട്ടിക്കാത്തതിനു വേറെ കാരണമുണ്ട്. പൂർവപദം സംവൃതോകാരാന്തമായാൽ പരവ്യഞ്ജനത്തിന് പ്രായേണ ദ്വിത്വമില്ല. അതിൻപ്രകാരം ബ്ലോക്ക് + പഞ്ചായത്ത്, ബ്ലോക്കുപഞ്ചായത്ത് എന്നുവരുന്നു. പഞ്ചായത്ത് എന്ന ഉത്തരപദത്തിലെ 'പ'കാരത്തിന് ബലാഘാതമില്ലാത്തതും ഇരട്ടിക്കാത്തതിനു കാരണമാകാം. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ (ഗ്രാമ + പഞ്ചായത്ത് = ഗ്രാമപ്പഞ്ചായത്ത്) വിശേഷണവിശേഷ്യത്വവും ബലാഘാതവും സംയുക്തമായി സംഭവിക്കുന്നതിനാൽ ഇരട്ടിപ്പ് അവർജ്യമാകുന്നു.

ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്കുപഞ്ചായത്ത്, ജില്ലാപ്പഞ്ചായത്ത് എന്നിങ്ങനെ ത്രിതല പഞ്ചായത്തു ഭരണസംവിധാനമാണ് നിലവിലുള്ളത്.

**പിഴ**

ധാതുക്കളോട് പ്രത്യയങ്ങൾ ചേർത്ത് കൃത്തുകളെ നിഷ്പാദിപ്പിക്കാം. മലയാളത്തിൽ ഇരുപത് കൃത് പ്രത്യയങ്ങൾ കേരളപാണിനി നിർദേശിച്ചിട്ടുണ്ട്. അവയിലൊന്നാണ് വ് എന്ന പ്രത്യയം. അറി + വ് = അറിവ്, കുറ + വ് = കുറവ്, നന + വ് = നനവ് എന്നിങ്ങനെ വ് ചേർന്ന് ക്രിയാനാമങ്ങൾ ഉണ്ടാകുന്നു. നോ+വ് = നോവ്, വേ+വ് = വേവ് ഇവയും വ് ചേർന്ന കൃത്തുകളാണ്. ഒരു പദം കൃത്താണോ എന്നറിയാൻ വിഭക്തിപ്രത്യയങ്ങൾ ചേർത്തുനോക്കിയാൽ മതി. ഉദാ:- അറിവ് → അറിവിന്റെ, കുറവ് → കുറവിനെ, നനവ് → നനവോട്.

പ്രത്യയം ചേരാതെയും ആഭ്യന്തരമായ മാറ്റത്തിനു വിധേയമാകാതെയും ധാതു കൃത്തായി മാറാം. ഉദാ:- കുളിക്കുക → കുളി, പൊടിക്കുക → പൊടി, വിതയ്ക്കുക → വിത, പിടിയ്ക്കുക → പിടി. ഇവയ്ക്ക് ധാതുകൃത്ത് എന്നാണ് ശേഷഗിരിപ്രഭു നാമകരണം ചെയ്തിരിക്കുന്നത്. പിഴയ്ക്കുക എന്ന അകർമകക്രിയയിൽനിന്നു ജനിച്ച ധാതുകൃത്ത് രൂപമാണ് പിഴ എന്നത്. അതിനോട് വീണ്ടും കൃത്പ്രത്യയമായ വ് ചേർത്ത് 'പിഴവ്' എന്നൊരു ക്രിയാനാമം സൃഷ്ടിക്കേണ്ടതില്ല. പിഴ എന്നതിന് തെറ്റ്, അബദ്ധം, കുറ്റം, പാപം, ശിക്ഷ, വീഴ്ച, പിശക്, ന്യൂനത എന്നെല്ലാം നാനാർഥങ്ങളുണ്ട്. "പിഴ എന്നു മതിയാകുന്നിടത്ത് പിഴവ് എന്നു പ്രയോഗിക്കുന്നത് ഭാഷാസാമഗ്രിയുടെ ദുർവ്യയം മാത്രം. വൃത്തപൂർത്തിയ്ക്ക് അനപേക്ഷണീയമെങ്കിൽമാത്രം പിഴവ് ആകാം. പിഴ മതിയാകുമെൽ പിഴവ് അനാവശ്യമാകുന്നു.[3] എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ എന്നു ചൊല്ലാത്ത ക്രൈസ്തവർ ഉണ്ടാകില്ലല്ലോ! കല്ലാതവർ പിഴചൊന്നതുകൊണ്ടൊരു/കാര്യവിരോധമിതിന്നിനിവാരാ" (ബാലകാണ്ഡം, പാട്ട് 5) എന്നു കണ്ണശ്ശരാമായണത്തിലും കാണുന്നു.

പിഴവുപോലെ തെറ്റിച്ചെഴുതുന്ന മറ്റൊരു വാക്കാണ് 'ദയവ്' എന്നത്. "ദയ എന്നാണു ശരിയായ രൂപം. "വ'കാരം ചേർത്തിട്ടാവശ്യമില്ല. ആദരവ്, വർധനവ് ഇവയൊക്കെ ആദരം, വർധനം എന്നിങ്ങനെ എഴുതുന്നതാണ് ഭംഗി. എന്നാൽ ആദരവും ദയവും മലയാളികൾ സ്വീകരിച്ചുപോയതിനാൽ വൈകല്പികമായിരുന്നുകൊള്ളട്ടെ എന്നുവയ്ക്കാം. വർധനവ് ആവശ്യമില്ലതന്നെ".[4] ഇങ്ങനെ കെ.സി. കേശവപിള്ള രേഖപ്പെടുത്തിയിട്ടുള്ളതായി കെ.എൻ. ഗോപാലപിള്ള നിരീക്ഷിച്ചിട്ടുണ്ട്. പിഴയിലും ദയയിലും വ് അധികപ്പറ്റാണെന്ന് അപശബ്ദബോധികാരനും[5] ചൂണ്ടിക്കാട്ടുന്നു.

**നന്മ (നല്+മ)**

"ഇല്ല എന്നറിഞ്ഞപ്പോൾ ഞാൻ തീരുമാനിച്ചു ഈ കർമ്മത്തെ 'നന്മത്വം' എന്നു വിളിക്കാൻ" (മലയാളമനോരമ, 2020 സെപ്റ്റംബർ, 27 ഞായർ) 'നന്മത്വം' എന്ന തലക്കെട്ടോടെ പുറത്തിറങ്ങിയ ലേഖനത്തിന്റെ അവസാനഖണ്ഡികയിലെ ഒരു വാക്യമാണിത്. പദനിർമിതിയെക്കുറിച്ചുള്ള അടിസ്ഥാനകാര്യങ്ങൾ പോലുമറിയാതെ പുതുപദസൃഷ്ടിക്ക് ഇറങ്ങിയതിന്റെ ഫലമേത്രേ 'നന്മത്വം' എന്ന പ്രയോഗം.

പുതിയ പദങ്ങളെ യഥേച്ഛം സൃഷ്ടിക്കണമെങ്കിൽ പ്രകൃതി-പ്രത്യയങ്ങളുടെ സംയോഗത്തെക്കുറിച്ച് ശരിയായ ധാരണ ആവശ്യമുണ്ട്. 'മ' മലയാളത്തിലെയും 'ത്വം'

സംസ്കൃതത്തിലെയും തദ്ധിതപ്രത്യയമാണ്. രണ്ടിനും ആയിരിക്കുന്ന അവസ്ഥ എന്ന അർഥം. 'മ' ചേർന്നുവരുന്ന നന്മയ്ക്ക് നല്ലതായിരിക്കുന്ന അവസ്ഥയെന്നും 'ത്വം' ചേർന്നുവരുന്ന മഹത്ത്വത്തിന് മഹത്തായിരിക്കുന്ന അവസ്ഥയെന്നും അർഥംവരും.

നല്+മ ആണ് നന്മയാകുന്നത്. വീണ്ടും 'ത്വം' ചേർത്തു സൃഷ്ടിച്ച 'നന്മത്വം' എന്നതിലെ തെറ്റ്, തദ്ധിതപ്രത്യയം ഒന്നു മതിയെന്നിരിക്കെ മേൽക്കുമേൽ രണ്ടെണ്ണം ചേർത്തതാണ്. 'നന്മത്തം' എന്ന രൂപവും ശരിയല്ല. 'ത്വം' എന്നതിന്റെ തത്ഭവമാണ് 'ത്തം'. അർഥം മാറുന്നില്ല. പ്രത്യയപൗനരുക്ത്യം എന്ന ദോഷമാണ് ഇവിടെ സംഭവിച്ചത്. കൂടാതെ, മലയാള പ്രത്യയത്തിനു(മ)മേൽ സംസ്കൃതപ്രത്യയം (ത്വം) ചേർക്കരുത് എന്ന നിയമവും ഇവിടെ ലംഘിച്ചിരിക്കുന്നു. ഉദ്ദിഷ്ടാർഥം സംവേദനം ചെയ്യാത്ത വികലരൂപങ്ങളായി 'നന്മത്വവും നന്മത്തവും' മാറി എന്നു ചുരുക്കം.

നല്+മ, നന്മയും തില്+മ, വിപരീതമായ തിന്മയും ആകും. സന്ധിയിൽ'ല്'ക്കു പരമായി 'മ' വൽ 'ല്'കാരം വർത്സ്യാനുനാസികമായ 'ന'കാരമായി മാറും.[6] ഈ നിയമം അനുസരിച്ചാണ് നല്+മ=നന്മ, തില്+മ=തിന്മ എന്നീ ശബ്ദങ്ങൾ ഉണ്ടായത്. നന്മയ്ക്കും തിന്മയ്ക്കും തുല്യമായി നല്പം തില്പം എന്നും പ്രയോഗമുണ്ട്. നല്+പ്=നല്പ്; തില്+പ്=തില്പ്. നല്പിന് നന്മ, നല്ലത് എന്നും തില്പിന് ചീത്തത്തം, ചീത്ത വസ്തു എന്നും വിവക്ഷിതങ്ങൾ കല്പിക്കാം.

ലക്കും ലഗാനുമില്ലാതെ പുതുപദങ്ങൾ പടച്ചുവിടുന്നവരെ ഉദ്ദേശിച്ചാവണം സി.വി. വാസുദേവഭട്ടതിരി ഇങ്ങനെ കുറിച്ചത്: "'നൂതനപദങ്ങൾ സൃഷ്ടിക്കുമ്പോൾ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കണം. പദം വ്യാകരണദൃഷ്ട്യാ ശുദ്ധം ആയിരിക്കണം. വിവക്ഷിതം വ്യക്തമാക്കാൻ പര്യാപ്തവും അർഥഗ്രഹണത്തിനു ക്ലേശം സൃഷ്ടിക്കാത്തതും ആകണം. കഴിയുമെങ്കിൽ ഭാരതത്തിലെ ഇതരഭാഷകളിൽ പ്രയോഗത്തിലുള്ളതോ അല്ലെങ്കിൽ അവയിലും സ്വീകാര്യമോ ആയിരിക്കണം. [7]

**അന്തശ്ഛിദ്രം**

സംസ്കൃതസന്ധിനിയമങ്ങൾക്ക് മലയാളത്തിൽ സ്ഥാനമുണ്ട്. രണ്ട് സംസ്കൃതശബ്ദങ്ങൾ ചേർക്കുമ്പോൾ സംസ്കൃതസന്ധിനിയമമാണു പാലിക്കേണ്ടത്. രണ്ടു പദവും മലയാളമാണെങ്കിൽ മലയാളസന്ധിനിയമമനുസരിച്ച് സമാസിക്കണം. ഒരു പദം മലയാളമാണെങ്കിലും മലയാളസന്ധിനിയമമാണ് ഉചിതം. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ തെറ്റുകൾ പറ്റിപ്പോകാം. അനവധാനതകൊണ്ട് തെറ്റിലേയ്ക്കു വഴുതിപ്പോയ ഒരു ശബ്ദമാണ് അന്തശ്ഛിദ്രം.

അന്തശ്ഛിദ്രം എന്ന ശുദ്ധരൂപത്തെ, 'അന്തഛിദ്രം', 'അന്തച്ഛിദ്രം', 'അന്തചിദ്രം' എന്നെല്ലാം ഇപ്പോൾ എഴുതിവരുന്നു. ഇവയെല്ലാം തെറ്റാണെന്ന് ശ്രീകണ്ഠേശ്വരം ഉൾപ്പടെയുള്ള നിഘണ്ടുകാരന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ, ഈ സ്ഖലിതരൂപങ്ങൾ നിർബാധം പ്രചരിച്ചുകൊണ്ടിരിക്കുന്നു. തിരുത്തിയിട്ടും പ്രയോജനമില്ലാത്ത സ്ഥിതി! സംസ്കൃത സന്ധിനിയമങ്ങളെക്കുറിച്ചുള്ള ധാരണയില്ലായ്മയും ഉച്ചാരണവൈകല്യവുമാകാം ഇത്തരം വികലശബ്ദങ്ങളുടെ പ്രചാരണത്തിന് നിദാനമെന്നു തോന്നുന്നു.

അന്തഃ+ഛിദ്രം, സന്ധി ചെയ്യുമ്പോൾ അന്തശ്ഛിദ്രം എന്നാകുന്നു. ആഭ്യന്തരകലഹം (internal disorder) എന്നർഥം. സംസ്കൃത സന്ധിനിയമമനുസരിച്ച് ഒരു പദത്തിന്റെ അവസാനത്തിൽ വരുന്ന രേഫം (ർ) വിസർഗമാകും. അതിൻപ്രകാരം അർ → അന്തഃ എന്നാകുന്നു. സംഹിതൽ ഈ

വിസർഗത്തിന് ആദേശം വരും. വിസർഗത്തിനുശേഷം ഖരമോ (ച), അതിഖരമോ (ഛ) വന്നാൽ വിസർഗം 'ശ'-കാരമായി മാറും. അങ്ങനെ അന്തഃ+ഛിദ്രം സന്ധിയിൽ അന്തശ്ഛിദ്രമാകുന്നു. അന്തഃ+ഛിന്നം, അന്തശ്ഛിന്നമാകുന്നതും ഇതേ നയമനുസരിച്ചുതന്നെ. ഛിന്നം എന്നതിന് ഛേദിക്കപ്പെട്ടത്, നശിപ്പിക്കപ്പെട്ടത് എന്നെല്ലാമാണർഥം.

അന്തശ്ഛിദ്രം മാത്രം ശരിയായിരിക്കേ 'അന്തഛിദ്രം, 'അന്തച്ഛിദ്രം, 'അന്തചിദ്രം' എന്നീ രൂപങ്ങൾ പ്രചരിപ്പിക്കരുതെന്ന് അപശബ്ദബോധിനികാരനായ പി. ദാമോദരൻ നായർ[8] ഉറപ്പിച്ചുപറയുന്നു.

### പ്രക്ഷോഭവും പ്രക്ഷോഭണവും

കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് തയ്യാറാക്കിയ സംസ്കൃത-മലയാള നിഘണ്ടുവിൽ പ്രക്ഷോഭവും പ്രക്ഷോഭണവും സമാനാർഥപദങ്ങളായി കണക്കാക്കിയിരിക്കുന്നു.[9] ഇളക്കം, ചലനം എന്നീ വിവക്ഷിതങ്ങളിൽ രണ്ടു ശബ്ദങ്ങളും പ്രചരിച്ചതിനാലാകണം നമ്പൂതിരിപ്പാട് അവയെ തുല്യപദങ്ങളായി സങ്കല്പിച്ചത്. പദനിരുക്തിയനുസരിച്ച് പ്രക്ഷോഭവും പ്രക്ഷോഭണവും രണ്ടാണ്. പ്രമുഖരായ മലയാളനിഘണ്ടുകാരന്മാർ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

പ്ര+ക്ഷോഭം=പ്രക്ഷോഭം. പ്രകർഷേണയുള്ള ക്ഷോഭമാണ് പ്രക്ഷോഭം. വലിയ ഇളക്കം, അഥവാ കുഴപ്പം എന്നർത്ഥം. തെറ്റായ രൂപമാണ് പ്രക്ഷോപം. പ്ര+ക്ഷോഭ്+അനം=പ്രക്ഷോഭണം (പ്രക്ഷോപനം തെറ്റായ രൂപം) ക്ഷോഭിപ്പിക്കൽ എന്നർഥം. ക്ഷുഭ് → ക്ഷോഭണേ എന്നാകുന്നു. ഒരു വാക്കിൽത്തന്നെ ഒരക്ഷരത്തിന്റെ സാമീപ്യംകൊണ്ട് മറ്റക്ഷരങ്ങൾക്ക് മാറ്റം വരാം. 'ന'കാരം 'ണ'കാരമാകാം. "ഒരേ പദത്തിൽത്തന്നെ രേഫത്തിനോ 'ഷ'കാരത്തിനോ 'ഋ'കാരത്തിനോ പരമായിരിക്കുന്ന 'ന'കാരം 'ണ'കാരമാകും."[10] രഷാഭ്യാം നോ ണഃ സമാനപദേ എന്ന സൂത്രം.[11] അതിൻപ്രകാരം പ്രക്ഷോഭനം → പ്രക്ഷോഭണം എന്നാകുന്നു. ഈ പ്രവണതയ്ക്ക് സാങ്കേതികമായി ആഭ്യന്തരസന്ധി എന്നു പറയാം.

പ്രക്ഷോഭം ബഹളംവയ്ക്കലോ സമരം ചെയ്യലോ ആണെങ്കിൽ, പ്രക്ഷോഭണം ബഹളം വയ്പ്പിക്കലോ സമരം ചെയ്യിപ്പിക്കലോ ആകുന്നു. മലയാളവ്യാകരണസംജ്ഞ ഉപയോഗിച്ചു പറഞ്ഞാൽ, പ്രക്ഷോഭം കേവലക്രിയാനാമവും പ്രക്ഷോഭണം പ്രയോജകക്രിയാനാമവും എന്നതത്രേ അവയ്ക്കു തമ്മിലുള്ള ഭേദം. അതായത്, സ്വമേധയാ സംഭവിക്കുന്ന ബഹളമോ ഇളക്കമോ പ്രക്ഷോഭവും പരപ്രേരണയാൽ ചെയ്യിക്കുന്ന സമരമോ ബഹളമോ പ്രക്ഷോഭണവും ആകുമെന്നു ചുരുക്കം.

പദത്തിലും അർഥത്തിലും വന്നുചേരുന്ന ശൈഥില്യങ്ങൾക്ക് പ്രാമാണികത്വം വന്നുകഴിഞ്ഞാൽ അവയെ നിഘണ്ടുകാരന്മാർ പരിഗണിച്ചേക്കാം. പക്ഷേ പൊരുളറിഞ്ഞു വാക്കുകൾ പ്രയോഗിക്കാൻ കഴിയണമെങ്കിൽ, പ്രക്ഷോഭവും പ്രക്ഷോഭണവും രണ്ടാണെന്നുതന്നെ തിരിച്ചറിയാൻ കഴിയണം.

### നിരപരാധനും നിരപരാധയും

ആദാനം ചെയ്യുന്ന പദങ്ങളുടെ രൂപവും അർഥവും ചിലപ്പോഴൊക്കെ മാറാറുണ്ട്. വാക്കും പൊരുളും അല്പംപോലും മാറരുത് എന്നു വാശിപിടിക്കൽ കാര്യമില്ല. ജീവൽഭാഷകളിൽ വികാരങ്ങൾ

സ്വാഭാവികമാണ്. ആദ്യമൊക്കെ വാമൊഴിയിൽ വരുന്ന മാറ്റം ക്രമികമായി വരമൊഴിയിലേയ്ക്കു കടക്കുന്നു. പ്രയോഗസാധുത്വം കിട്ടിക്കഴിഞ്ഞൽപ്പിന്നെ അംഗീകരിക്കുകയേ നിർവാഹമുള്ളൂ.

നിരപരാധഃ സംസ്കൃതത്തിലെ ഒരു പുല്ലിംഗശബ്ദമാണ്. അതിനെ നിരപരാധൻ എന്നാക്കുമ്പോൾ മലയാളമായി. അതിന്റെ സ്ത്രീലിംഗപദമാണ് നിരപരാധ. നിരപരാധന് അപരാധം ചെയ്യാത്തവൻ എന്നും നിരപരാധയ്ക്ക് അപരാധം ചെയ്യാത്തൾ എന്നും അർഥം. സംസ്കൃതത്തിലെ നിരപരാധഃ എന്നതിന്റെ ചുവടുപിടിച്ചാവണം നിരപരാധി എന്നൊരു വാക്കുണ്ടായത്. അതു ശുദ്ധസംസ്കൃതമാണെന്ന മിഥ്യാധാരണമൂലം 'നിരപരാധിനി' എന്നൊരു സ്ത്രീലിംഗശബ്ദവും സൃഷ്ടിക്കപ്പെട്ടു. നിരപരാധി ഒരു വിചിത്രസൃഷ്ടിയാണെങ്കിലും ഉഭയലിംഗവാചിയായാണ് ഇന്നതു പ്രയോഗിക്കുന്നത്. തെറ്റു ചെയ്യാത്ത ആണിനെയും പെണ്ണിനെയും കുറിക്കാൻ നിരപരാധി മതി എന്നായിട്ടുണ്ട്. അവൻ നിരപരാധിയാണ്; അവൾ നിരപരാധിയാണ് എന്നെല്ലാം എഴുതുന്നതിപ്പോൾ തെറ്റാണെന്നു പറയാൻ കഴിയുകയില്ല. സാമാന്യജനങ്ങളും നിഘണ്ടുകാരന്മാരും അംഗീകരിച്ച നിരപരാധിയെ ഇനി തിരുത്തേണ്ടതുമില്ല.

"രൂപം മാറ്റാതെയിരുന്നാൽ നിരപരാധൻ, നിരപരാധ എന്ന പുല്ലിംഗവും സ്ത്രീലിംഗവും പ്രയോഗിക്കാം. പാപൻ, പാപ ഇവയും അതേവിധം പ്രയോഗിക്കാം. സംസ്കൃതരൂപം പരിഷ്കരിക്കാതെ ഇരുന്നാൽ പാപനെ പാപി ആക്കുമ്പോൾ പാപിനി എന്ന് ഇല്ലാത്ത പദം സൃഷ്ടിക്കേണ്ടിവരുന്നു. പ്രധാനി, സഹായി മുതലായവയും വിചിത്രസൃഷ്ടിൾ ആണ്. പ്രധാനൻ, പ്രധാന, സഹായൻ, സഹായ ഇവയാണ് സംസ്കൃതരീതിയിൽ സ്വീകാര്യമായ പദങ്ങൾ. ചിരപരിചിതമായ പദങ്ങൾ പക്ഷേ ഇനി പരിഷ്കരിക്കുക സുകരമല്ല.[12] അതായത്, നിരപരാധി, പാപിനി, പ്രധാനി, സഹായി മുതലായവയെ മലയാളമട്ടിൽ സ്വീകരിക്കുകതന്നെ കരണീയം.

**ഗ്രന്ഥസൂചി**

1. ബോബി തോമസ്, എഴുത്തും ജീവിതവും ഡോ. എം. ലീലാവതി (അഭിമുഖം), ഭാഷാപോഷിണി, പുസ്തകം 44, ലക്കം 10, ഒക്ടോബർ 2020, പുറം-15.
2. നമ്പൂതിരി, ഇ.വി.എൻ., കേരളഭാഷാവ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം, 2005, പുറം-40.
3. പ്രബോധചന്ദ്രൻ നായർ, വി.ആർ., എഴുത്തു നന്നാവാൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം-78.
4. ഗോപാലപിള്ള, കെ.എൻ., അപശബ്ദബോധിനി, എൻ.ബി.എസ്, 2010, പുറം-52.
5. ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം-290,406.
6. അച്യുതവാര്യർ, എസ്., ഭാഷാവ്യാകരണപഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം-99.
7. വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഇംപ്രിന്റ്, കൊല്ലം, 1992, പുറം-174.
8. ദാമോദരൻ നായർ, പി., അപശബ്ദബോധിനി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013,പുറം-29.

9. ശങ്കരൻ നമ്പൂതിരിപ്പാട്ട്, കാണിപ്പയ്യൂർ, സംസ്കൃതമലയാളം നിഘണ്ടു, പഞ്ചാംഗം പുസ്തകശാല, കുന്നംകുളം, 1129, പുറം-723.
10. നാരായണപിള്ള, പി.കെ., പ്രയോഗദീപിക, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം, 1938, പുറം-57.
11. വാസുദേവൻ ആർ., പ്രൊഫ., ലഘുസിദ്ധാന്തകൗമുദി, ഗവ. സംസ്കൃതകോളേജ് കമ്മിറ്റി, തൃപ്പൂണിത്തുറ, 2013, പുറം-43.
12. വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം-51.